Page 1 of 1

രണ്ടാമത്തെ പ്രവൃത്തി എഗ്രിമെന്റ് സ്റ്റേജിലാണ്. അമ്പലപ്പുഴ വേട്ടയ്ക്കൊരു മകൻ ക്ഷേത്രത്തിനു സമീപം തീരസംരക്ഷണത്തിന് 3.95 ലക്ഷം രൂപയുടേയും ചിറക്കൊവ് പുഴയിൽ ചിറക്കൊവ് എന്ന സ്ഥലത്ത് തീരസംരക്ഷണത്തിന് 6.70 ലക്ഷം രൂപയുടേയും കുന്നത്തുപറമ്പ് പഞ്ചായത്തിൽ പുന്നൂർ പുഴയുടെ തീരസംരക്ഷണത്തിന് 24.25 ലക്ഷം രൂപയുടേയും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. സാമ്പത്തിക ലഭ്യതയനുസരിച്ച് ആ നടപടികളിലേയ്ക്ക് പോകാൻ കഴിയുന്നതാണ്.

### (7) അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിലുണ്ടായ ഉരുൾപൊട്ടലിൽ നശിച്ച പാലങ്ങളുടേയും റോഡുകളുടേയും വീടുകളുടേയും പുനർനിർമ്മാണം

ശ്രീ. എ. ഡി. മുസ്തഫ: സർ, കഴിഞ്ഞ വർഷം ജൂലായ് 3, 4 തീയതികളിൽ എന്റെ നിയോജക മണ്ഡലത്തിലെ അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ ഉരുൾപൊട്ടലിലും കനത്ത മഴയിലും 10 റോഡുകൾ, 4 നടപ്പാലങ്ങൾ, 5 വീടുകൾ, ധാരാളം കൃഷി ഇവയ്ക്കൊക്കെ നാശം സംഭവിച്ചിരിക്കുന്നു. കഴിഞ്ഞ വർഷം ജൂലായ് മാസം അഞ്ചാം തീയതി ഈ വസ്തുതകൾ ഞാൻ നിയമസഭയിൽ അവതരിപ്പിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ധനകാര്യ വകുപ്പുമന്ത്രിക്കും ഞാനും പഞ്ചായത്ത് പ്രസിഡന്റും പരാതി നൽകിയെങ്കിലും ഇതുവരെ റോഡിന്റെ കാര്യത്തിൽ ഒരു തീരുമാനവും എടുത്തിട്ടില്ല. കൃഷി നാശത്തിന്റെ കാര്യത്തിലും വീടുകളുടെ കാര്യത്തിലും കുറച്ച് സഹായങ്ങൾ ലഭിച്ചു. നഷ്ടപ്പെട്ട 10 റോഡുകളും നടപ്പാലങ്ങളും ശരിയാക്കുന്നതിന് ഇതുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ജില്ലാ കളക്ടർക്ക് പരാതി കൊടുത്താൽ റവന്യൂ വകുപ്പിന് കൊടുക്കാൻ പറയും. റവന്യൂ വകുപ്പിനോട് ചോദിച്ചാൽ പരിശോധിച്ചു വരികയാണെന്ന് പറയും. ഇപ്പോൾ ഒരു വർഷവും 26 ദിവസവും കഴിഞ്ഞു. ഇക്കാര്യത്തിൽ ഒരു നടപടി ഉണ്ടാകണമെന്ന് ഒരിക്കൽക്കൂടി അപേക്ഷിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ റോഡുകളുടെ കാര്യത്തെ സംബന്ധിച്ചിടത്തോളം പുനരുദ്ധാരണം നടത്താൻ കഴിഞ്ഞില്ല. മെമ്പർ പറഞ്ഞ റോഡുകളുടെ പുനരുദ്ധാരണത്തിന് എസ്റ്റിമേറ്റ് എടുത്ത് ബാക്കി നടപടികൾ നടന്നുവരികയാണ്.

## V. റൂളിംഗ്

ശ്രീ. സ്പീക്കർ: നിയമസഭയ്ക്കകത്ത് മൊബൈൽ ഫോൺ ഉപയോഗിക്കാൻ പാടില്ല. ദയവു ചെയ്ത് അവയെല്ലാം ഇവിടെനിന്ന് മാററണം.

### (8) നെല്ല് സംഭരിച്ച സഹകരണ സ്ഥാപനങ്ങളും പാടശേഖരസമിതികളും മററ് ഏജൻസികളും നേരിടുന്ന പ്രതിസന്ധി

ഡോ. കെ. സി. ജോസഫ്: സർ, കേരളത്തിലെ കാർഷിക മേഖല ഇന്ന് വലിയ പ്രതിസന്ധിയിലാണ്. ആ പ്രതിസന്ധി പരിഹരിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്ന് പറഞ്ഞുകൊണ്ട് കേരള കോൺഗ്രസ് പാർട്ടി ചെയർമാൻ ശ്രീ. പി. ജെ. ജോസഫിന്റെ നേതൃത്വത്തിൽ സെക്രട്ടേറിയററ് പടിക്കൽ ഇന്ന് ഉപവാസ സമരം നടക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly